MUL
066768

# ഭാഷാ

# ദൃഷ്ടാന്തശതകം.

കുസുമദേവകവിയുടെ
സംസ്കൃതകൃതിയിൽനിന്ന്
കൃഷ്ണപുരം മുൻസിഫ്കോടതിവക്കീൽ
കെ. സി. കുഞ്ഞുരാമൻ
അവർകൾ
എഴുതിയത്.

തൃശ്ശിവപേരൂർ
'ഭാരതവിലാസം' അച്ചുകൂടത്തിൽ
അച്ചടിച്ചത്.

1083.
വില അണ 2.

പകർപ്പവകാശം ടി. അച്ചുകൂടത്തിലേക്കുള്ളതാകുന്നു.

UNIVERSITY ... 4 MAR 1932 MADRAS

MADRAS UNIVERSITY RESEARCH INSTITUTE 9 MAR 1932

66768
032: 1M735:11
E3

# അഭിപ്രായം.

---

കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂളിൽ ഞാൻ മുൻഷിയായിരുന്നപ്പോൾ അവിടെ ഒരു വിദ്യാൎത്ഥിയായിരുന്ന് എന്റെ സന്തോഷത്തിന്നു പാത്രീഭവിച്ച യുവാവും, ഇപ്പോൾ കൃഷ്ണപുരം മുൻസിഫ് കോൎട്ടിൽ വക്കീൽപണി നോക്കിവരുന്ന ആളുമായ മാസ്റ്റർ കേ. സി. കുഞ്ഞുരാമൻ, കുസുമദേവകവിയുടെ സംസ്കൃതകൃതിയിൽനിന്നു ഭാഷപ്പെടുത്തിയ ഈ 'ദൃഷ്ടാന്തശതകം' ഞാൻ ഒരാവൃത്തി മൂലത്തോടുകൂടി വായിച്ചുനോക്കുകയും, പരിശോധിക്കയും ചെയ്തു. സരസങ്ങളായ ദൃഷ്ടാന്തങ്ങളോടുകൂടി ഓരോ സുഭാഷിതങ്ങളെ ഭംഗിയായി പ്രതിപാദിക്കുന്ന മൂലഗ്രന്ഥത്തെ അൎത്ഥഭേദം വരാതെ ഭാഷയിൽ ഇത്ര സരളമായി എഴുതിയ ഗ്രന്ഥകൎത്താവിന്റെ പരിശ്രമം ലോകോപകാരവും അനുമോദനീയവുമാണെന്നു ഞാൻ നിസ്സംശയം അഭിപ്രായപ്പെടുന്നു.

തിരുവനന്തപുരം<br>
൧൦൮൪ കൎക്കിടകം ൨൯.

കേ. സി കേശവപ്പിള്ള.<br>
(ഒപ്പ്)

ഭാഷാ

# ദൃഷ്ടാന്തശതകം.

UNIVERSITY LIBRARY MADRAS 4 MAR 1932

ശിവദ്ധ്യാനമതൊന്നത്രേ
സംസാരാന്തകനാശനം
കടുതാംകാട്ടുതീതീക്കാൻ
കാർമുകിൽക്കേകഴിഞ്ഞിട്ടും 1

അടുത്തുള്ളതതിശ്രേഷ്ഠ-
മെങ്കിലുംമാനമില്ലതിൽ
പൂതയാംഗംഗയേപ്പോലും
തൊഴുന്നില്ലയൽവാസികൾ. 2

കവിതാരസചാതുര്യം
വ്യാഖ്യാതാവറിയുമറികയില്ലകവി
*മകളുടെരതിചാതുര്യം
വല്ലഭനറിയുന്നുതാതനല്ലപ്പാ. 3

---

* വാരിജമധുമാധുര്യം
മധുകരനറിയുന്നുവാരിയല്ലല്ലോ.

നല്ലവൻതന്നെനല്ലോന്റെ
നന്മവർണ്ണിക്കുവാൻപടു
ഇളമ്മാന്തളിരുണ്മാനായ്
കൌശലംകുയിലിന്നുതാൻ. 4

സജ്ജനത്തിൻഗുണൌഘത്തെ
ദൂഷിക്കുന്നിതുദുർജ്ജനം
പ്രസന്നമായുള്ളാകാശം
കറുപ്പിക്കുന്നുതേധൂമകം. 5

ദോഷംപോലെഗുണംനന്നായ്
പ്രകാശിക്കില്ലകേവലം
തിങ്കളിന്റെകളങ്കംപോൽ
നൈർമ്മല്യംകണ്ടിടുന്നിതോ? 6

വിവേകമാത്രമേദുഃഖം
പോക്കുവാൻശക്തമായ്‌വരൂ
ഇരുട്ടകറ്റാൻസാമർത്ഥ്യ-
മുള്ളതാർക്കിനനെന്നിയേ? 7

ഉപദേശിക്കുവാൻ ധീമാൻ
വേണം,പോരാജഡാശയൻ;

പുഷ്പസൌരഭ്യമെള്ളിന്നു-
ണ്ടില്ലതെല്ലുംയവത്തിന്നോ. 8

അപായവാരണേച്ഛുകൾ
മുൻപേനോക്കുന്നുനീതിയേ
പതുങ്ങിമുന്പിൽകരിയേ
ഹരികൊല്ലുന്നശക്തിയാൽ. 9

അന്തരിച്ചനരൻതന്റെ
ഗുണംനന്നായ്വിളങ്ങിടും
വെന്തുള്ളോരകിലിൻഗന്ധം
ഹന്തപാരംപരന്നിടും. 10

മനസ്വിഹൃദയംകോപം
കൊണ്ടുപാരംതെളിഞ്ഞിടും
പ്രസന്നമാംചാമ്പലിനാൽ
എരിഞ്ഞീടുന്നതീക്കനൽ. 11

ക്ലേശഭാരംസഹിച്ചീടാ-
നീശനാമുത്തമൻപരം
മണിയല്ലാതെമൺകട്ട
സഹിയാശാണഘർഷണം. 12

സജാതീയസഹായത്താ-
ലല്ലാതരിയെ വെല്ലുമോ?
വൈരംകൂടാതെ നന്മുത്തു
തുളച്ചീടുന്നതെങ്ങിനേ? 13

സജ്ജനം സജ്ജനത്തിന്റെ
സൽഗുണത്തെപ്പരത്തിടും
പൂമണം ദിക്കിലെല്ലാമേ
പരത്തുന്നു സമീരണൻ. 14

വലിയോനെളിയോനെപ്പോ-
ലുപകാരത്തിനൊത്തിടാ
കിണർ പോക്കുന്നു ദാഹത്തെ
വാരിധിക്കാവതല്ലത്. 15

ശൌര്യാദി, പുരുഷന്മാരിൽ
സൌശീല്യനവിളങ്ങിടും
ഭൂഷണം ഘോഷമാർക്കൊത്താൽ
യൌവനഭംഗികൂടിടും. 16

ജളൻ പ്രഭുപദേ വന്നാൽ
സാധുക്കൾക്കതു സങ്കടം

ശീതരശ്മിയുദിക്കുമ്പോൾ
താമരപ്പൂവുകൂമ്പിടും. 17

അറിവാനാഗ്രഹിക്കേണ്ട-
തുഈ സൌന്ദൎയ്യമല്ലകേൾ
സൌരഭ്യമില്ലാപ്പൂവാരു
ചാരുവെന്നാലുമെന്തിടും? 18

ഒരുത്തനൊരുവൻമാത്രം
വരുംവംശപവിത്രമായ്
വിരിക്കുന്നൎക്കനംഭോജം
കൂമ്പിച്ചിടുന്നിതാമ്പലേ. 19

ധനികന്മാൎക്കു സമ്പ്രീതി
ദുൎന്നയന്മാരൊടാണഹോ
ഇരുനാവുള്ളസൎപ്പത്തെ-
ബ്ഭൂഷിക്കുന്നില്ലയോനിധി? 20

സമ്പത്തിലന്യരൊടുൾമാത്തുജൻ വസിക്കു-
മാപത്തിലങ്ങുനിജമിത്രഗണങ്ങളോടും
വണ്ടൊത്തുതാമരവികാസവിധൌവുളക്കും
പായൽജലങ്ങളൊടുകൂടെവരണ്ടുവാഴും. 21

ദുഃഖശേഷംവരുംസൌഖ്യം
അല്പമെന്നാലുമേറമാം
കൈപ്പൊരല്പംകഴിച്ചാൽപി-
ന്നപ്പംമധുരമാംപരം. 22

ഗുണഭേദംമിക്കവാറും
ഗുണജ്ഞർതാനറിഞ്ഞിടും
മുല്ലതൊട്ടസുമത്തിന്റെ
മണംകണ്ണറിയാദൃഢം. 23

പ്രായംകൂടുന്നവക്കുണ്ടാം
പാകംബുദ്ധിക്കുനല്ലപോൽ
മൂപ്പുള്ള ചന്ദനത്തിന്നു
സൌരഭ്യമധികംവരും. 24

യോഗിതൻമാനസംപോലും
ഭോഗത്തിന്നാഗ്രഹിച്ചിടും
മുഖംകെട്ടിയകാളക്കു-
മുണ്ടുപുല്ലിങ്കലാഗ്രഹം. 25

സഹജംഗുണമെന്നാലും
വളരുംസൽപ്രശംസയാൽ

കാഞ്ചനംരസസംയോഗാൽ
കാന്തിയേന്തുന്നിതേററവും. 26

സാധുവേനിന്ദചെയ്യുന്നോൻ
തന്നെത്തന്നേദൂഷിക്കയാം
പൊടിവാനത്തെറിയുമ്പോൾ
തൻതലെയ്ക്കുവീണിടും. 27

അസത്സംഗേനസത്തുക്കൾ
തൽസ്വഭാവംവെടിഞ്ഞിടാ
കോകിലംകാകസംഗത്താൽ
വെടിയാമധുരസ്വരം. 28

ഖലന്റെചിത്തംസത്വത്തിൽ
കഠിനംമൃദുസങ്കടേ
തണുത്തിരുമ്പുകഠിനം
ചുട്ടാൽമൃദുവതായിടും. 29

പ്രായേണമൂഢൻകോപിക്കും
സ്നേഹിപ്പവനൊടേററവും
സ്നേഹസമ്പർക്കമുണ്ടായാൽ
കണ്ണുപാരംകലങ്ങിടും. 30

നല്ലതോചീത്തയോവൃത്തി
കാലത്തായേഫലിച്ചിട്ടു
ശരത്തിൽവിളയുംനെല്ലു
വസന്തേവിളയാദൃഢം. 31

ഭോഗേച്ഛഭോഗംകൊണ്ടേതും
ഭോഗികൾക്കുശമിച്ചിടാ
ഉപ്പുവെള്ളംകുടിച്ചീടിൽ
പില്പാട്ടുംദാഹമേറിടും. 32

ദുൎല്ലഭംനല്ലതെന്നാലും
തജ്ജാത്യാസുലഭംപരം
വെള്ളംചെവിയിലായെന്നാൽ
വെള്ളംകൊണ്ടതെടുത്തിടാം. 33

ആഹാരമില്ലാത്തതാളിന്നു
കൂട്ടംവൃക്ഷതഭൂമിയിൽ
വച്ചുപത്മാസനൻപണ്ടു
കാററുണ്ണുംപാമ്പിലാവിഷം. 34

കണ്ടുസത്തിന്റെയുൽക്കൎഷം
ദ്രോഹിക്കുംനീചനേററവും

ദ്യോവിൽമേവുംവിധുവിനേ
വിഴുങ്ങുന്നുവിധുന്തുദൻ. 35

ഉത്സാഹമെന്നിയേസമ്പ-
ത്തുണ്ടാകുന്നില്ലമർത്ത്യനു
കടഞ്ഞുകടൽകഷ്ണിച്ചു
കുടിച്ചാർസുധവാനവർ. 36

സമ്പത്തിൽമൃദു,വാപത്തിൽ
കഠിനംസാധുമാനസം
വസന്തേമൃദുവൃക്ഷത്തി-
ന്നിലവേനൽക്കൾകർക്കശം. 37

ജന്തുവിൻദുഷ്ടതയ്ക്കോർത്താൽ
ജനിതാവല്ലകാരണം
സുധാസിന്ധുജനിപ്പിച്ചു
വിഷംപ്രാണവിനാശനം. 38

കേൾക്കാനാളില്ലയെന്നാകിൽ
വക്താവെന്തൊന്നുചെയ്തിടും?
മുണ്ടുടുക്കാത്തദേശത്തു
വണ്ണാനെന്തൊന്നുചെയ്തിടും? 39

ആപത്തു പിടിപെട്ടാലും
വിടാ ശീലം മഹാജനം
കർപ്പൂരം തീ പിടിച്ചീടിൽ
സൌരഭ്യം കുറയുന്നിതോ? 40

ഗുണിയാകണമെന്നില്ല
ഗുണിയിങ്കൽ ജനിപ്പവൻ
ചന്ദനം തീയിൽ വെന്തുണ്ടാം
ചാമ്പലിന്നില്ല സൌരഭം. 41

തീരുന്നു ശ്ലാഘ്യമായ്ത്തന്നേ
സത്തിൻറാപത്തുകാലവും
സുന്ദരം തന്നെ ചിന്തിച്ചാൽ
ചന്ദ്രഗ്രഹണകാലവും. 42

പരീക്ഷിക്കാതെ സത്തിന്റെ
ഖ്യാതം തത്വമറിഞ്ഞിടാ
സ്വർണ്ണത്തിൻ മാററുരയ്ക്കാതെ
യറിഞ്ഞീടുന്നതെങ്ങിനേ? 43

പണം കിട്ടാതെ വേഗത്തിൽ
സന്തോഷിക്കില്ലഫോജലൻ

വെള്ളം ചെല്ലാതെ മേഘങ്ങൾ
ഗർജ്ജിക്കുന്നില്ല കേവലം. 44

ബ്രാഹ്മണകാര്യം കാണാനായ്
പ്രീതി കാണിച്ചിടും ജനം
കശാപ്പുകാരൻ മാംസത്തി-
ന്നാട്ടിനെപ്പോററിടുന്നതേ. 45

ജയിക്കും യുക്തിയാൽ ധീമാൻ
ശിക്ഷയാലല്ല ദുഷ്ടനെ
മണ്ണു മാററിട്ടു വീഴ്ത്തുന്നു
വന്മരം വെട്ടിടാതെ താൻ. 46

ബുദ്ധിയില്ലാത്തവന്നോർത്താൽ
ശാസ്ത്രം കൊണ്ടെന്തഹോ ഫലം
കണ്ണു കാണാത്തൊരാളിന്നു
കണ്ണാടി വെറുതേ പരം. 47

ദുഷ്ടദുർവ്യസനിണങ്ങാതെ
ശിഷ്ടരിൽ ചേർന്നിടും ജനം
പാന്ഥൻ കുന്നു കടന്നിട്ട്
വിശ്രമിക്കുന്നു സാനുവിൽ. 48

സ്വഭാവേനമനോരമ്യം
വസ്തുനന്നാക്കിടേണമോ?
മുത്തിനെന്തിന്നഹോശാണ-
ഘർഷണം? നിഷ്പ്രയോജനം. 49

മനോജ്ഞന്നമിണങ്ങാത്തോൻ
വിദ്വന്മദ്ധ്യേവിളങ്ങിടാ
ഇരുട്ടിലെന്ന്യേവെയ്ലത്തു
വിളക്കുവിലസുന്നിതോ? 50

ഒടുക്കാൻവൈരിയെഗ്ഗൂഢ-
മുപായത്തിലടുക്കണം
വെള്ളംധാന്യത്തിൽമേവുമ്പോൾ
വററിക്കുംഭാസ്കരൻജവാൽ. 51

ദുർഗ്ഗദേശത്തകപ്പെട്ടാൽ
ശൂരൻപോലുംവിഷണ്ണനാം
ചളിയിൽപ്പൂന്തിയാലാന-
പോലുംവല്ലാതെചത്തുപോം. 52

...കേവലബലപ്രയോഗം
...യപ്രദമല്ലനല്ലനയമെന്യേ

വിഷവുംമാറമരുന്നോടു
യോജിച്ചാൽപത്ഥ്യമല്ലയെങ്കിൽമൃതി. 53

ദുൎബ്ബലന്മാരനേകംപേർ
ചേൎന്നാൽശ്ശൂരനൊടൊത്തിടാ
എത്രപ്രാക്കൂട്ടിചേൎന്നാലും
പരുന്തോടെന്തുകാട്ടിടും. 54

തന്നെവില്ക്കാൻതയാറുള്ളോൻ
തന്നേലോകർതിരഞ്ഞിടും
ആനവാങ്ങപ്പെടുന്നേറെ-
പ്പൊന്നുകൊണ്ടില്ലകേസരി. 55

ഒരുഗുണമന്യഗുണത്തോ-
ടനുമേളിച്ചീടിലായതതിരുചിരം
ലാവണ്യംരമണീയം
താരുണ്യോപേതമെങ്കിലതിരമ്യം. 56

സുലഭവസ്തുവിലാദരമാൎക്കുമേ
കുറയുമെന്നതുനിൎണ്ണയമിബ്ഭുവി
തിരയുമന്യകളത്രമഹോജനം
ത്വരിതമേവവെടിഞ്ഞുനിജപ്രിയാം. 57

വിററതൻെറശരീരത്തിൽ
ചുററുമുണ്ടുഹാജള്ളൻ
തന്നെയന്യക്കുവേണ്ടീട്ടു
മോടികൂട്ടുന്നതാരുവാൻ? 58

ക്ഷണം ക്ഷയിക്കും സൌഖ്യത്തി-
ലുത്തമന്മാർ കൊതിച്ചിടാ
തണ്ടാരല്ലിവെടിഞ്ഞിട്ടു
ചണ്ടിയന്നം ഗ്രഹിക്കുമോ? 59

ഇല്ലാത്തഗുണമുണ്ടെന്നു
ചൊല്ലിയാൽനാണമാംഫലം
കൊങ്ങിൻപൂവിൻെറസൌരഭ്യം
വർണ്ണിപ്പാൻപരിഹാസ്യനാം. 60

ധനത്തിലാഗ്രഹം മൂല-
മനർത്ഥം വന്നിടും ധ്രുവം
മാംസലോഭേന ബന്ധിക്ക-
പ്പെടുന്നു ഖേചരം ബലാൽ. 61

ഗുണിതൻഗുണമന്യന്മാർ
വർണ്ണിച്ചുത്രേശ്രവിപ്പതു

വിടൎന്നതാമരപ്പൂവിൻ
മണംകാററുപരത്തിടും. 62

തോന്നുംതന്നാശയുംപോലെ
മാനുഷക്കപരാശയം
വാളിന്മേൽപ്രതിബിംബിച്ച
മുഖംനീണ്ടങ്ങുകണ്ടിടും. 63

ബാധിക്കുംനീചരെദുഃഖം
ഉത്തമന്മാരെയില്ലഹോ
തണുപ്പുകാലിൽത്തട്ടുന്നു
കണ്ണിലില്ലതുപോലവേ. 64

ഗുണവാനേറെനാൾവാണീ-
ടില്ലവൻദേവനാകിലും
ചന്ദ്രൻവാവിങ്കലല്ലാതെ
പൂൎണ്ണനായിവിളങ്ങുമോ? 65

എങ്ങുനിന്നുളവായ്ദോഷ-
മങ്ങുനിന്നതുനീങ്ങിടും
തീകൊണ്ടുണ്ടാംവ്രണംപിന്നെ
തീകൊണ്ടേഹന്തശാന്തമാം.

തന്റെബുദ്ധിക്കുറപ്പില്ല്
യെങ്കിൽതാനേഭ്രമിച്ചിട്ടും
ചലിക്കുമിലതന്മേലിൽ
കിടക്കുംവസ്ത്രമെന്നപോൽ. 67

നാശഹേതുനരന്മാൎക്കു
നാരിമാർതന്നെമിക്കതും
സീതകാരണമായ്ചത്തു
രാവണൻതൻകുലത്തോടേ. 68

ധീരസേവകരിൽതിരെ
വരാധീരാഭിമാനിതാ
ഇരന്നുചാങ്ങിടുംഭൂഷ-
യണിഞ്ഞാരുഞെളിഞ്ഞിടും? 69

ചിലകാലംമഹാന്മാരും
നീചന്മാരോടിരന്നിടും
കടലോടുമഹാവിഷ്ണു
യാചിച്ചുകൌസ്തുഭംമണി. 70

പലർകൂടിപ്രയത്നിച്ചാൽ
ഫലംചിലർഭുജിച്ചിടും.

കടഞ്ഞുദൈത്യരുംവാൎദ്ധി
കുടിച്ചസുധദേവകൾ. 71

കുലത്താലല്പചിന്തിച്ചാൽ
ഗുണത്താൽപൂജ്യനാംപുമാൻ
ഈശൻതിങ്കളണിഞ്ഞുച്ചൈ-
ശ്രവസ്സിന്നുവാഹമായ്. 72

പരതാപാലെഴുംസൌഖ്യം
സ്ഥിരമല്ലല്ലലാമത്
അട്ടചോരകുടിച്ചാൽപി-
ന്നൊട്ടുകഷ്ടപ്പെടേണ്ടതാം. 73

ഉള്ളിൽശുദ്ധംകൊണ്ടിടുന്നോരുകോപം
തള്ളിക്കേറുംകൊള്ളിവാക്കാൽവെളിക്ക്
കൊള്ളിക്കുള്ളിൽകൊണ്ടിടുന്നോരുവെള്ള-
ത്തുള്ളിക്കല്ലോൻതീജ്വലിക്കുന്നുവല്ലോ. 74

ഗുണിസംഗാൽപ്രാണികൾക്കു
ഗുണങ്ങളുളവായിടും
നരരൊത്തമരുംതത്ത
സംസാരിക്കുന്നതില്ലയോ? 75

ബുധസംഗാൽലഭിച്ചീടും
ഗുണദോഷങ്ങൾമാനുഷർ
കളഞ്ഞുകുടലാവാനോ-
രമൃതുംനഞ്ചുമത്തിന്നാർ. 76

ഗുണിയെയറിയുമന്യ-
ന്മാർ,സ്വകീയക്കളത്രത്തെ
ഗുണതയവരിലേകൻ
മാത്രമെന്നായിരിക്കും
കുരുതിഹരിയെഗോപ-
ന്മാരഘോഷഗോപനെന്നായ്
സുരരവനെയറിഞ്ഞു
സർവ്വലോകേശനെന്നും. 77

അംഗശുശ്രൂഷയാൽനല്ലാ-
രിങ്ങുസന്തോഷമാർന്നിടും
ചോട്ടിൽവെള്ളമൊഴിച്ചെന്നാൽ
വൃക്ഷംനന്നായ്തെളിഞ്ഞിടും. 78

വിഖ്യാതിപൂണ്ടുമരുവുന്നവർതൻസമീപേ
ചൊല്ലാർന്നശോഭകലരുംഗുണമാർന്നുലോകം

നല്ലുല്ലഹോതലകഴഞ്ഞഥൈകകളെന്ന-
ല്ലപ്പംദേപീഠമിവയികൽവിളങ്ങിടുന്നു. 79

നല്ലോക്കുവരുമാപത്ത
തെല്ലുകാലേനനീങ്ങിടും
ഖിന്നനാകുന്നചാരുശ്രീ
ചന്ദ്രനഗ്രഹണംക്ഷണം. 80

ദുർജ്ജനസംസർഗ്ഗത്താൽ
സജ്ജനവുംതൽസ്വഭാവമിഹവെടിയും
കാമാനലനാലമൃതാം
സോമാംശുവുമുഗ്രചണ്ഡമാകുന്നു. 81

കോപംവരുമ്പോഴധമോ-
ത്തമരൊന്നുപോലേ
താപംവരുത്തുമതിനി
ല്ലവികല്പമല്പം
കത്തുന്നചന്ദനവുമി-
ന്ധനവുംസമാന-
മത്രേദഹിക്കുവതിലി-
ല്ലൊരുഭേദമേതും. 82

ശോഭിക്കയില്ലറികചി-
ത്തയിലുള്ളവാഞ്ഛ
ശോഭിക്കയില്ലസുരസം-
ഹതിനാസ്തികങ്കൽ
നേത്രത്തിനാമക്ഷിവിശേ-
ഷമെഴുന്നഭൂഷ ...
വക്രത്തിനായതൊരുഭൂ-
ഷണമാണനൃതം. 83

പ്രകൃത്യാദുർഭഗൻവീണ്ടും
ദുർഭഗൻശ്രീമനാകിലും
ഗോമയംകമലാവാസ-
മെങ്കിലെന്തുള്ളചാരുത. 84

മാന്യംഗുണഗണംമാത്രം
കേവലംജാതിയല്ലഹോ
സ്ഫാടികംപാത്രമെന്നാലും
ഉടഞ്ഞാലാരെടുത്തിടും? 85

വരുന്നകാലത്തമനോഹരതം
തരുന്നതില്ലുത്സവമന്ത്യകാലേ

സന്ധ്യക്കു ശോഭിപ്പതുപോലെ ചന്ദ്രൻ
ശോഭിച്ചിടുന്നില്ല പ്രഭാതകാലേ. 86

അന്യോപജീവനംതീൎത്താൽ
പിന്നെമാനിനിനച്ചിടാ
കാകന്മാരോടുസമ്പ്രീതി
കോകിലങ്ങൾക്കുനാസ്തിതാൻ. 87

പെട്ടെന്നുപണമുണ്ടായാൽ
സ്പഷ്ടംസന്തോഷനാശമാം;
വൃഷ്ടിസമൃഷ്ടിയാൽതീരം
പൊട്ടിയാൽനിന്നിടാജലം. 88

ഭൂവിലാത്മജയംവന്നാൽ
ദ്യോവിങ്കലുമതാൎന്നിടാം;
പൂക്കാവുചുടലക്കാടാം
പൂക്കാവാകുംശ്മശാനവും. 89

ഉന്നതകിരീടകോടീ-
സന്നിഹിതംരത്നമത്രസുപത്തുഭക്
തീൻ്റിടുന്നിതുബാധ്യ്ക
താന്നിക്കൊചെന്നിട്ടുംമരുന്നാലേ. 90

തെളിയുംസ്തുതിയാൽസാധു
പണത്താൽഹന്തനീചനും
ദേവന്മാർജയശബ്ദത്താൽ
ഭൂതങ്ങൾബലിയാലുമേ. 91

വലിപ്പംസ്വജനത്തെത്താൻ
ഉലപ്പാൻകണ്ടിടുന്നതേ
പാമ്പിനെയല്ലകൊല്ലുന്നു
പരുന്താഹന്തപക്ഷിയെ. 92

ഉപകാരത്തെയുദ്ദേശി-
ച്ചത്രേസേവിച്ചിടുന്നതു
പാൽതരുംപശുവെന്നാർത്തു
പോററുന്നതിനെയാളുകൾ. 93

മഹാന്മാരുടെതേജസ്സിൽ
അല്പതേജസ്സമങ്ങിടും
സൂര്യൻവിളങ്ങിടുംനേരം
നക്ഷത്രംതെളിയാദ്ധ്രുവം. 94

ദാനംചെയ്യുന്നോരുപാരിൽചുരുക്കം
ദാനംവാങ്ങുന്നോരുപാർത്താലസംഖ്യം;

ചിന്താരത്നംവാസ്സിവാനേതിതക്കും;
ഹന്താനേകക്കാഗ്രഹംകിട്ടുവാനായ്. 95

ലോകത്തിൽചിലർതീക്ഷ്ണയായമതിയും
സൌശീല്യവുംപുണ്യവും
പാകത്തിൽകലരുന്നുപോൽസദൃശമെ-
ന്നാലുംപാശ്ചാജ്ജാതികൾ.
കാകൻതത്തയിവക്കുനോക്കുമളവിൽ
ശ്രോത്രാദികംതുല്യമാം
ശ്ലോകംശിക്ഷയിലശ്രുകംപറയുമി_
ക്കാകന്നതാകുന്നതോ? 96

ഔചിത്യംകലരുന്നവക്കുവരരാൽ
ദത്തംധനംഭൂഷണമാം
ഔചിത്യംകലരാത്തവക്കുമഹാ
ദൌഃഖ്യപ്രദംതന്നെയാം
നീരത്താൽവളരുന്നതില്ലമണമേ-
റീടുന്നനൽച്ചന്ദനം
സ്വൈരംമററമഹീരുഹങ്ങളതിനാൽ
വദ്ധിച്ചിടുന്നൂഭുവി. 97

സാരംതെല്ലുമിയന്നിടാത്തതുമഹോ
കാലക്രമംകൊണ്ടുതാൻ
പാരംഭംഗിയുമേററവുംവിലയുമാ-
ന്നീടുന്നപാകത്തിനാൽ
ജീമൂതങ്ങളിൽനിന്നുവന്നിടുമൊരാ-
നീർത്തുള്ളിനന്മുത്തതായ്
തീരുന്നൂചിരകാലമിങ്ങുമുള്ളതൻ
ഉദരത്തിൽവാസത്തിനാൽ. 98

അന്യന്റെവസ്തുനിജമെന്നുരചെയ്തുവെന്നാൽ
വന്നീടുമേററമവമാനമഹോജനാനാം
അന്യപ്രപുഷ്ടശിശുതന്നുടയായ്‌വളർത്തി-
പ്പിന്നീടുപോമളവുകാകനുനാണമല്ലോ. 99

കൃതംകുസുമദേവാഖ്യൈഃ
കൃതിയാൽസുരഭാഷയിൽ
കുഞ്ഞുരാമൻചമച്ചേവം
മഞ്ജുവാംമലയാഴ്മയിൽ. 100

ശുഭം.

21 NOV 1953

Indic Digital Archive Foundation
gpura.org